ഷെഡ്യൂൾ കാൻസലേഷന്റെ കാര്യത്തിൽ ഒരു പരിശോധന കൂടി നടത്താൻ വേണ്ടിയാണ് മധ്യഭാഗത്തു ഒന്നു രണ്ടു സബ് സ്റ്റേഷൻ വേണമെന്നു തീരുമാനിച്ചത്.

ശ്രീ. പി. പി. എസ് തോമസ്: നാഷണലൈസ്ഡ് റൂട്ടുകളിൽ സർക്കാരിന്റെ കുത്തകപോലെതന്നെ ചില പ്രൈവറ്റു മേഖലകളിൽ പ്രൈവറ്റു മുതലാളിമാരുടെ കുത്തകകൊണ്ട് യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകളുള്ളതുകൊണ്ട് അങ്ങനെയുള്ള റൂട്ടുകളിൽ അത്യാവശ്യം ട്രാൻസ്പോർട്ട് വണ്ടികൾ ഓടിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ? അങ്ങനെ ഓടിക്കുകയാണെങ്കിൽ യാത്രാസൗകര്യം വർദ്ധിപ്പിക്കുവാൻ സഹായകമാകും.

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെയും ഇങ്ങനെയും വേണം എന്നു പറഞ്ഞാൽ എങ്ങനെ വേണമെന്നു പിന്നെ പറയാൻ മാത്രമേ കഴിയൂ. അതായത് പൊതുമേഖലയിൽ മാത്രമേ ഓടിക്കാവൂ എന്നൊരു വാദഗതി പറഞ്ഞ് അവസാനിപ്പിച്ച ഉടനെ പ്രൈവറ്റു മേഖലയിലും ഓടിക്കണം എന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്.

ശ്രീ. എസ്. തങ്കപ്പൻപിള്ള: ചെറിയ റൂട്ടുകളിൽ കൂടുതൽ ബസ്സുകൾ ഓടിക്കുന്നതു മൂലം ദേശസാൽക്കരിച്ച മെയിൻ റൂട്ടുകളിൽ യാത്രാസൗകര്യം കുറവാണെന്നുള്ളതു പരിഗണിച്ച് ആ മെയിൻ റൂട്ടുകളിലെങ്കിലും കാര്യക്ഷമമായി സർവ്വീസ് നടത്താൻ ഗവൺമെന്റു സത്വരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇവിടെ പല തരത്തിലുള്ള അഭിപ്രായങ്ങളുണ്ട്. ആ അഭിപ്രായങ്ങളെല്ലാം പരിശോധിച്ച് ഏറ്റവും യുക്തവും കൂടുതൽ ഫലപ്രദവുമായ കാര്യങ്ങൾ നടപ്പിലാക്കാൻ പരിശ്രമിക്കാം.

പുരാവസ്തു സംരക്ഷണത്തിന് പ്രത്യേക സർക്കിൾ

*261 [277] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു സംരക്ഷണത്തിന് എത്ര രൂപാ ആവശ്യമുണ്ട്; എത്ര രൂപാ കേന്ദ്രത്തിൽ നിന്ന് കിട്ടുന്നുണ്ട്;

(ബി) കേരളത്തിൽ പുരാവസ്തു സംരക്ഷണത്തിന് എത്ര കേന്ദ്രങ്ങൾ ഉണ്ട്; അവയുടെ സംരക്ഷണത്തിന് പ്രത്യേക സർക്കിൾ കേരളത്തിൽ ഉണ്ടാക്കാൻ കേന്ദ്ര സർക്കാരിനെ നിർബന്ധിക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) പുരാവസ്തു സംരക്ഷണത്തിന് അടുത്ത ഒരു വർഷത്തേയ്ക്ക് 18.5 ലക്ഷം രൂപ ചെലവു വരും. കേന്ദ്രത്തിൽ നിന്നും ധനസഹായം ഒന്നും ലഭിക്കുന്നില്ല. പുരാവസ്തുക്കളുടെ റജിസ്ട്രേഷനുള്ള ചെലവ് കേന്ദ്ര ഗവൺമെന്റാണു വഹിക്കുന്നത്. ഇതിനു ഒരു വർഷത്തേയ്ക്കു 70,000 രൂപ ചെലവു വരും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ 56 പുരാവസ്തു സ്മാരകങ്ങളുണ്ട്. പുരാവസ്തു സംരക്ഷണത്തിനു വേണ്ടി തിരുവനന്തപുരം ആസ്ഥാനമാക്കി കേരളത്തിലേക്കായി ഒരു പ്രത്യേക സർക്കിൾ രൂപീകരിക്കുന്നതിനുള്ള ഒരു നിർദ്ദേശം കേന്ദ്രഗവൺമെന്റിന്റെ ആർക്കിയോളജിക്കൽ സർവ്വേക്ക് അയച്ചിട്ടുണ്ട്. ആ നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. പി. ശങ്കർ: ഇന്നു പുരാവസ്തു സംരക്ഷണത്തിനു ക്ഷിണനീതിയ്ക്കു ആവശ്യമുള്ള കേന്ദ്രം മദ്രാസിലാണെന്നുള്ളത് കൊണ്ട് കേരളത്തിലെ പുരാവസ്തു സംരക്ഷണത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ലെന്നു പരാതിയില്ലേ?

ശ്രീ. കെ. നാരായണക്കുറുപ്പ്: തെന്നിന്ത്യയ്ക്കു പൊതുവായി മദ്രാസിൽ മാത്രമല്ല; കർണ്ണാടകത്തിലുമുണ്ട്. പണ്ട് മൂന്നു സംസ്ഥാനങ്ങൾക്കും കൂടിയായിരുന്നു മദ്രാസിലെ കേന്ദ്രമെങ്കിൽ ഇപ്പോൾ കർണ്ണാടകത്തിനും കൊടുത്തു കഴിഞ്ഞു. അതുകൊണ്ടാണ് കേരളത്തിനും പ്രത്യേകം വേണമെന്നാവശ്യപ്പെട്ടിട്ടുള്ളത്. 175 മുതൽ 300 വരെയുള്ള പുരാവസ്തുക്കളെ വേണമെന്ന വ്യവസ്ഥ നിലവിലിരിക്കെ 56 എണ്ണം മാത്രമുള്ള കേരളത്തിനു തരാൻ ബുദ്ധിമുട്ടാണെങ്കിലും പരിഗണനയിലാണെന്നു കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: പത്മനാഭപുരം കൊട്ടാരത്തിലുള്ള പുരാവസ്തു ഗവേഷണകേന്ദ്രം വേണ്ടത്ര സംരക്ഷിക്കപ്പെടുന്നില്ലെന്നും അവിടെ സ്ഥിതി ചെയ്യുന്ന കൊട്ടാരം കെട്ടിടം 1960-നു ശേഷം പല കൊല്ലങ്ങളായി പുതുക്കിപ്പണിയാൻ ഈ ഗവൺമെന്റു ശ്രമിച്ചു വരികയാണെന്നും അതിന്റെ ഭാഗമായി മദ്രാസ് സർക്കാർ തരേണ്ട തുക തരുന്നില്ലെന്നും അക്കാരണത്താൽ ഇന്നു പത്മനാഭപുരം കൊട്ടാരത്തിന്റെ സ്ഥിതി ശോചനീയമാണെന്നും ഓർത്തുകൊണ്ട് അക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാനുദ്ദേശിക്കുന്നുവോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പഴയ കൊട്ടാരത്തിന്റെ മെയിന്റനൻസ് നടത്തിക്കൊണ്ടിരിക്കുന്നു. പുതിയ കെട്ടിടം പണിയാൻ തുടങ്ങിയിട്ട് വർഷങ്ങളും പലതായി. ഇതേവരെ പണിപൂർത്തിയായിട്ടില്ല. അതിനുള്ള തുക നമ്മുടെ ഗവൺമെന്റിന്റെ ബഡ്ജറ്റിൽ ഭാഗികമായി മാത്രമേ ഈ പ്രാവശ്യം കൊള്ളിച്ചിട്ടുള്ളൂ. മദ്രാസ് ഗവൺമെന്റിൽ നിന്നും നമുക്കു കിട്ടേണ്ട തുക ലഭിച്ചിട്ടില്ല.

ശ്രീ. എൻ. ഭാസ്കരൻനായർ: വളരെ പുരാതനമായ ചങ്ങനാശ്ശേരിയിലെ ലക്ഷ്മീപുരം കൊട്ടാരം പുരാവസ്തു ഗവേഷണകേന്ദ്രം ആക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കൊട്ടാരം പുരാതനമായതുകൊണ്ടല്ല, എ. ആർ. തിരുമേനിയുടെ ജൻമവീടായതുകൊണ്ട്, അദ്ദേഹം സ്മരണീയനായ ഒരു മനുഷ്യനായതുകൊണ്ട് അതുപോലെയുള്ള സ്മാരകങ്ങൾ ഏറ്റെടുക്കണമെന്നുള്ള ആഗ്രഹം ആർക്കിയോളജി വകുപ്പിനുള്ളതുകൊണ്ട അടുത്ത കാലത്ത് അവിടെ പോയി പരിശോധിച്ചു. നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: കേരള സംസ്ഥാനം ഉണ്ടായതു മുതൽ തന്നെ ആർക്കിയോളജി ഡിപ്പാർട്ടുമെന്റിൽ ഒരു കാളി ഫൈഡ് ആർക്കിയോളജിസ്റ്റു ഇല്ലാത്തതുകൊണ്ട് ശ്രദ്ധാപൂർവ്വം പുരാവസ്തു ഗവേഷണം നടന്നിട്ടില്ലെന്നും അതിനു മുമ്പുള്ള ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ കണ്ടുപിടിച്ചിട്ടുള്ള പുരാവസ്തുക്കളുടെ സംരക്ഷണം മാത്രമാണ് നടന്നിട്ടുള്ളതെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഒരു കാളിഫൈഡ് ആർക്കിയോളജിസ്റ്റിനെ നിയമിച്ച് വേണ്ടവിധത്തിൽ ഗവേഷണം നടത്തി കേരള ചരിത്രം കണ്ടെത്താനുള്ള അടിസ്ഥാനപരമായ കാര്യങ്ങൾ നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഗവേഷണം നടക്കുന്നത് ആർക്കിയോളജിക്കൽ സർക്കിളിന്റെ ആഭിമുഖ്യത്തിലാണ്. നമുക്കു പ്രത്യേക സർക്കിളും ഇല്ലാത്തതുകൊണ്ട് പ്രത്യേകമായി ഗവേഷണം നടക്കുന്നില്ല. ആവശ്യമുള്ളപ്പോൾ പ്രത്യേകം നിർദ്ദേശം കൊടുക്കുമ്പോൾ മദ്രാസിൽ നിന്നു വന്നാണ് നടത്തുന്നത്. ഉദ്യോഗസ്ഥൻ ഇല്ലാത്തതുകൊണ്ട് ഗവേഷണം ഇല്ലാത്തത് അല്ല. സംവിധാനം ഇല്ലാത്തതുകൊണ്ട് നടക്കുന്നില്ല എന്നു മാത്രമേയുള്ളു.

ശ്രീ. ഇ. പി. ഗോപാലൻ: ഒരു ക്ലിപ്ത എണ്ണം കേന്ദ്രങ്ങളുടെകിൽ മാത്രമേ സർക്കിളം കിട്ടുകയുള്ളു എന്നു പറഞ്ഞു. ഇവിടെ പഴയ കേന്ദ്രങ്ങളം മാത്രമേയുള്ളു. പുതിയ പുരാവസ്തു കേന്ദ്രങ്ങളെ സംബന്ധിച്ച് ഗവേഷണം നടത്തി ഒരു സർക്കിളം ഉണ്ടാക്കത്തക്കവണ്ണം ശ്രമങ്ങളം നടത്തുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: എല്ലാ പുരാവസ്തുക്കളും എടുക്കണമെന്നില്ല. സൂക്ഷിക്കേണ്ട പുരാവസ്തുക്കളെ പറ്റി അന്വേഷിച്ചു കൊണ്ടിരിക്കുന്നു. അടുത്ത കാലത്തു തന്നെ 4 കേന്ദ്രങ്ങളം ഗവേഷണം നടത്തി എടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൃപ്പൂണിത്തുറയിൽ ബഹുമാനപ്പെട്ട മന്ത്രി ചില പുരാവസ്തുക്കളം എറെടുത്തിട്ടുള്ളതായി പത്രങ്ങളിൽ കണ്ടു. ഹിൽ പാലസ്സിൽ പുരാവസ്തുക്കളം സൂക്ഷിക്കുവാൻ വേണ്ടിയാണോ മ്യൂസിയം ആക്കാൻ വേണ്ടിയാണോ ഉദ്ദേശം?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആർക്കിയോളജിക്കൽ മ്യൂസിയം ഏർപ്പെടുത്താനാണ് പ്രധാനമായും ആ കൊട്ടാരം എടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ഇവിടെ ഒരു സർക്കിളം വരുമ്പോൾ അതിന്റെ കേന്ദ്രസ്ഥാനം വലിയ ഒരു സ്ഥലമായിരിക്കണം. അതുവിടെ ചെയ്യാൻവേണ്ടിയാണ് ഇത്ര വിശാലമായ സ്ഥലം വേണമെന്നു ഡിപ്പാർട്ടുമെന്റ് ആഗ്രഹിക്കുന്നത്. അടുത്ത കാലത്തു ഏറെറടുത്ത ചില സാധനങ്ങളം കൊട്ടാരത്തിൽ സൂക്ഷിച്ചുവെയ്ക്കാൻ തീരുമാനിച്ചു എന്നു മാത്രമേയുള്ളു.

ഡോക്ടർ കെ. ജി. അടിയോടി: റീജിയണൽ സെൻറർ തുറക്കാൻ വേണ്ടത്ര എണ്ണം ഇവിടെ ഇല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പഴശ്ശി രാജ, കുഞ്ഞാലിമരയ്ക്കാർ, തച്ചോളി ഒതേനൻ മുതലായ നിരവധി ആളുകളുമായി ബന്ധപ്പെട്ട പുരാവസ്തു കേന്ദ്രങ്ങളം നമ്മുടെ നാട്ടിലുണ്ട്. അതെല്ലാം ഏറെറടുത്തു അതു സംബന്ധിച്ച് പഠനം നടത്താൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: സാധാരണ നിലയിൽ അറിയാവുന്ന വയെല്ലാം ഏറെറടുത്തു കഴിഞ്ഞു. അടുത്ത കാലത്ത് ശ്രീനാരായണന്റെ ജൻമസ്ഥലമായ ചെമ്പഴന്തിയും ഏറെറടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: ഫ്യൂഡലിസം നമ്മുടെ സംസ്ഥാനത്ത് അവസാനിച്ചിരിക്കുകയാണ്. ഫ്യൂഡൽ വ്യവസ്ഥയിൽ നിലവിലിരുന്ന ചില തറവാടുകളും നമ്പൂതിരി കുടുംബങ്ങളും ഇന്ന് നശിക്കുകയോ രൂപഭേദം സംഭവിക്കുകയോ ചെയ്തുകൊണ്ടിരിക്കുകയാണ്. ഭാവിയിൽ നമ്മുടെ കുട്ടികൾക്ക് ഫ്യൂഡൽ വ്യവസ്ഥയെപററി മനസ്സിലാക്കാൻ കവിതയോ നോവലോ വായിക്കേണ്ടിവരുമെന്നുള്ളതുകൊണ്ട് ഈ തറവാടുകളിൽ ഏതെങ്കിലുംഒന്ന് ഒരു മാതൃകയായി ഏറെറടുത്തു സംരക്ഷിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഫ്യൂഡലിസത്തെ പററി വീടുകൾകണ്ടതുകൊണ്ടു മാത്രം മനസ്സിലാക്കാൻ പററുകയില്ല. അവിടെ താമസിച്ചിരുന്ന ആളുകളുടെ മാതൃക എന്തെങ്കിലും സൂക്ഷിക്കാൻ പററുമോയെന്നു പരിശോധിക്കേണ്ടതാണ്.

ശ്രീ. ഇ. അഹമ്മദ്: പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാറിലെ പുരാവസ്തുകേന്ദ്രങ്ങളും വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്നും കോഴിക്കോട് ഒരു മ്യൂസിയം ആരംഭിക്കാനുള്ള സാഹചര്യമുണ്ടായിട്ടും അതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്നുള്ള വല്ല പരാതിയും ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ: കെ. നാരായണക്കുറുപ്പ്: പരാതിയൊന്നും ഇല്ല: കോഴിക്കോടു ഒരു മ്യൂസിയം തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഏതാനും ആഴ്ചകൾക്കുള്ളിൽ അതു തുറക്കും.

ശ്രീ. കെ. ജെ. ചാക്കോ: ഒരു കാലത്ത് കേരള രാഷ്ട്രീയത്തിൽ സജീവ പങ്കു വഹിച്ചിരുന്ന ഇന്നു നാമാവശേഷമായിക്കഴിഞ്ഞ കെ. എസ്. പി., കെ. ടി. പി., ഐ. എസ്. പി. എന്നീ രാഷ്ട്രീയ പാർട്ടികളുടെ അസ്തിപഞ്ജരങ്ങൾ എങ്കിലും പുരാവസ്തു കേന്ദ്രത്തിൽ സൂക്ഷിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഒരു കാലത്ത് നമ്മളെല്ലാം മ്യൂസിയത്തിൽ കയറുമോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ശ്രീ. കെ. സുകുമാരനുണ്ണി: പാലക്കാട്ടുള്ള ടിപ്പു സുൽത്താന്റെ കോട്ട പുരാവസ്തു കേന്ദ്രമായി ഏറെറടുത്തു സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അത് ഗവൺമെൻറ് ഏറെറടുത്തിട്ടുണ്ട്. അത്യാവശ്യമായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വളരെ കാര്യമായ കാണിക്കും ഒന്നും ചെയ്യാൻ പററുകയില്ല. പഴയ നിലയിൽതന്നെ ഇതിന്റെ സ്റ്റാൻസ് നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: നമുക്കു ഗവേഷണം നടത്താനുള്ള പുരാതനമായില്ലെന്നും അത് സർക്കീസ് ആണ് നടത്തേണ്ടതെന്നും മന്ത്രി പറഞ്ഞു. എന്നാൽ തിരുവിതാംകൂർ സംസ്ഥാനമായിരുന്ന കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

എ. കെ. ഗോപിനാഥറാവു വളരെ പ്രശസ്തമായ നിലയിൽ ഇവിടെ ഗവേഷണം നടത്തിയിരുന്നു. അതുപോലെതന്നെ കൊച്ചിയിൽ അനിയൻ അച്ചരനും ഗവേഷണം നടത്തിയിരുന്നു. കേരളത്തിൽ ആർക്കിയോളജിയിൽ വേണ്ടത്ര വിവരമുള്ളവർ ഡിപ്പാർട്ടുമെന്റിൽ ഇല്ലാതിരുന്നതുകൊണ്ടല്ലേ കഴിഞ്ഞ 30 വർഷമായി ഇവിടെ ഗവേഷണം നടക്കാതിരുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെയല്ല സർ. മദിരാശിയിൽ നിന്നുള്ള നിർദ്ദേശം അനുസരിച്ചുള്ള ഗവേഷണം മാത്രമാണ് ഇവിടെ നടന്നുകൊണ്ടിരുന്നത്. ഇപ്പോഴും അതു മാത്രമാണ് നടത്താൻ കഴിയുന്നത്. ആർക്കിയോളജിയിൽ വേണ്ടത്ര വിവരമുള്ള ആളുകളോ അതിനെ പറ്റി പഠിക്കാൻ താൽപ്പര്യമുള്ള ആളുകളോ ഡിപ്പാർട്ടുമെന്റിൽ ഇല്ലാതിരുന്നതുകൊണ്ടല്ലേ അങ്ങനെ സംഭവിച്ചത്. അടുത്ത കാലത്തായി നല്ല നിലയിൽ നടന്നുകൊണ്ടിരിക്കുകയുമാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: പുരാവസ്തു ഗവേഷണത്തിലും അതു സംരക്ഷിക്കുന്ന കാര്യത്തിലും ചരിത്ര വിദ്യാഭ്യാസമുള്ളവർക്കും ചരിത്രത്തോടു ബഹുമാനമുള്ളവർക്കും മാത്രമേ ഭംഗിയായി പ്രവർത്തിക്കാൻ കഴിയുകയുള്ളു എന്നുള്ളതു മനസ്സിലാക്കിക്കൊണ്ടും ഇന്ന് ഈ രണ്ടുകാര്യങ്ങളേപറ്റിയും യാതൊരു വിവരവും ഇല്ലാത്തവരാണ് ഇതു കൈകാര്യം ചെയ്യുന്നത് എന്നുള്ളതുകൊണ്ടും ഈ കാര്യം വളരെ ഗൗരവമായി പരിഗണിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ചരിത്രവിദ്യാഭ്യാസമുള്ള ആളുകളെയാണ് നിയമിക്കുന്നത്. ഈ ഡിപ്പാർട്ടുമെന്റിലെ ഇതു കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്ക് ചരിത്രപരമായ വിവരവും വിജ്ഞാനവും ബോധവും ഉണ്ടെന്നുള്ളതാണ് വയ്പ്.

ശ്രീ. ആർ. സുന്ദരേശൻ നായർ: പുരാവസ്തു ഗവേഷണ വകുപ്പിന്റെ വളർച്ചയില്ലായ്മക്കു കാരണം അതിനോടുള്ള ഗവൺമെന്റിന്റെ അവഗണനയും ആവശ്യമുള്ളത്ര സ്റ്റാഫിനെ കൊടുക്കാതിരിക്കലും ആണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? എക്സിക്യൂട്ടീവ് രംഗത്തായാലും മിനിസ്റ്റീരിയൽ രംഗത്തായാലും ഡയറക്ടറെ സഹായിക്കാൻ തൊട്ടടുത്തുള്ളത് ഒരു ജൂനിയർ സൂപ്രണ്ട് മാത്രമാണ്. അതുകൊണ്ട് വേണ്ടത്ര സ്റ്റാഫിനെ കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്റ്റാഫ് ആവശ്യത്തിനില്ലെങ്കിൽ നിയമിക്കണം. ഡിപ്പാർട്ടുമെന്റ് വളരാത്തത് സ്റ്റാഫിന്റെ കുറവുകൊണ്ടല്ല. കേരളത്തിന്റെ വലിപ്പത്തിനനുസരിച്ചേ വളരാൻ പാറുകയുള്ളു. ഉള്ള പുരാവസ്തുക്കളെ മാത്രമേ ഗവേഷണം ചെയ്യാൻ പാറുകയുള്ളു.

ദേവസ്വം ബോർഡ് പ്രവർത്തനത്തെപ്പറ്റിയുള്ള ആക്ഷേപം

*262 [278] ശ്രീ. എ. എ. റഹീം:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ-സാമൂഹ്യ വികസനവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly